"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - G.O.(P) No.150/2026/RD തീയതി 15.03.2026 നമ്പർ പ്രകാരമുള്ള കേരള സർക്കാർ ഭൂമി പതിവ് ഭേദഗതി (പതിച്ചു നൽകിയ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകൽ) ചട്ടങ്ങൾ, 2026 ന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ - മാർഗ രേഖ (Standard Operating Procedure) അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.230/2026/RD    തീയതി, തിരുവനന്തപുരം, 31-07-2026

---

പരാമർശം:-

1. 15.03.2026 തീയതിയിലെ G.O.(P) No. 150/2026/RD നമ്പർ സർക്കാർ ഉത്തരവ്
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.07.2026 ലെ LR/12182/2025-LR J4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ആക്റ്റ് ആക്ട് പ്രാബല്യത്തിൽ വന്ന തീയതിവരെ (7.6.2024), പതിച്ചുനൽകിയ ഭൂമി കൈവശത്തിൽ ഉള്ളയാൾക്ക് പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കുവാൻ സർക്കാരിന് അധികാരം നൽകികൊണ്ട് G.O.(P)No. 150/2026/RD തീയതി 15.03.2026 പ്രകാരം 2026 ലെ കേരള സർക്കാർ ഭൂമി പതിവ് (പതിച്ചു നൽകിയ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകൽ) ചട്ടങ്ങൾ പരാമർശം (1) പ്രകാരം നിലവിൽ വരികയുണ്ടായി.

2. പതിച്ചുനൽകിയ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കിക്കൊണ്ടുള്ള മാർഗ്ഗരേഖ (STANDARD OPERATING PROCEDURE) ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ



File No. REV-U3/101/2026-REV (Computer No. 3553233)

Generated from eOffice by SAREKH K, ASST (U3) REV, ASST (U3) REV, Revenue Department on 03/08/2026 03:06 PM

അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ രേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്യുന്നു.

4. 2026 ലെ കേരള സർക്കാർ ഭൂമിപതിവ് ഭേദഗതി (പതിച്ചു നൽകിയ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾക്കു മാത്രമാണ് ഈ മാർഗരേഖ ബാധകമാകുക.

5. ഇത് സംബന്ധിച്ച നിയമാനുസൃത തുടർനടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത എ ഐ എ എസ്

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കലക്ടർമാർ (കമ്മീഷണർ, ലാൻഡ് റവന്യൂ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ& ഇ) കേരള, തിരുവനന്തപുരം

വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി. എ.യ്ക്ക്